(സി) ചികിത്സാ ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുന്നതു സംബന്ധിച്ചുള്ള മാനദണ്ഡങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) പട്ടികജാതി വകുപ്പ് മന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാസനിധിയിൽ നിന്നും ഗുണഭോക്താക്കൾക്ക് ചികിത്സാ ധനസഹായം ലഭിക്കുന്നതിന് ആവശ്യമായ ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ അപേക്ഷകർക്ക് കാലതാമസം ഇല്ലാതെ ധനസഹായം വിതരണം ചെയ്യുന്നതിന് ബന്ധപ്പെട്ട എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ചികിത്സാ ധനസഹായത്തിന് അപേക്ഷ സംബന്ധിച്ചുള്ള മാനദണ്ഡങ്ങൾ അടങ്ങിയ ഉത്തരവുകളുടെ പകർപ്പ് അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.*

പാലക്കാട് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം

267(4553) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പാലക്കാട് ജില്ലയിൽ മെഡിക്കൽ കോളേജ് പ്രവർത്തനം തുടങ്ങിയോയെന്ന് വ്യക്തമാക്കാമോ; ഈ കോളേജിന്റെ പ്രവർത്തനം പട്ടികജാതി വികസന വകുപ്പിന്റെ പൂർണ്ണ നിയന്ത്രണത്തിലാണോയെന്നും വിശദമാക്കാമോ;

(ബി) ഈ കോളേജിൽ പഠിക്കുന്നതിനായി പട്ടികജാതി വിഭാഗക്കാർക്കും മറ്റ് വിഭാഗക്കാർക്കുമായി നീക്കിവെച്ചിട്ടുള്ള സീറ്റുകളുടെ എണ്ണം വ്യക്തമാക്കാമോ;

(സി) ഈ കോളേജിൽ ഏതൊക്കെ സ്പെഷ്യാലിറ്റി വിഭാഗങ്ങളാണ് പ്രവർത്തിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്നും ഇതിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(ഡി) ഇവിടെ നേഴ്സിംഗ്, ദന്തൽ, പാരാമെഡിക്കൽ കോഴ്സുകൾക്ക് പ്രവേശനം ആരംഭിക്കുന്നതിന് ഉദ്ദേശമുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പാലക്കാട് ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം തുടങ്ങി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എസ്.സി. - 70 സീറ്റ്

എസ്.ടി. - 2 സീറ്റ്

എസ്.ഇ.ബി.സി. - 8 സീറ്റ്

പൊതുമെറിറ്റ് - 20 സീറ്റ്

(സി) അണ്ടർ ഗ്രാജ്വേറ്റ് കോഴ്സിനാണ് (MBBS) ഇപ്പോൾ അംഗീകാരം ലഭിച്ചിട്ടുള്ളത്.

(ഡി) പരിശോധിച്ചുവരുന്നു.

പട്ടികജാതി പിന്നോക്ക സമുദായക്ഷേമ വകുപ്പ് മുഖേനയുള്ള കല്ല്യാശ്ശേരി മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

268(4554) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പിന്നോക്ക സമുദായക്ഷേമ വകുപ്പ് മുഖേന കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കല്ല്യാശ്ശേരി മണ്ഡലത്തിൽ പട്ടികജാതി പിന്നോക്ക സമുദായക്ഷേമ വകുപ്പിൽനിന്നും വിതരണം ചെയ്ത ചികിത്സാ ദുരിതാശ്വാസ നിധിയുടെ വിശദാംശം ലഭ്യമാക്കുമോ; ഇതുവരെ എത്ര രൂപ ധനസഹായമായി നൽകിയിട്ടുണ്ട്?

ഉത്തരം

(എ) പട്ടികജാതിക്ഷേമ വകുപ്പ് മുഖേന കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയ വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

സ്വയം പര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം ഏഴിലോട് പട്ടികജാതി കോളനിയിൽ 15 വീടുകളുടെ പ്ലാസ്റ്ററിംഗ് പ്രവൃത്തികളും, 17 വീടുകളുടെ തറ ടൈൽ ചെയ്യുന്ന പ്രവൃത്തികളും നടത്തിയിട്ടുണ്ട്. റോഡ് ടാറിംഗ്, കഴൽ കിണർ നിർമ്മാണം, കുടിവെള്ള വിതരണം, ബയോഗ്യാസ് പ്ലാന്റ് എന്നിവയുടെ

LIBRARY ARCHIVES Kerala Legislative Assembly